**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2050** **14-10-2024 - ൽ മറുപടിയ്ക്ക്**

**ചൊക്രമുടിയിലെ അനധികൃത ഭൂമികയ്യേറ്റത്തിന്മേലുള്ള പോലീസ് അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഇടുക്കി ബൈസൻ വാലിയിലെ ചൊക്രമുടിയിൽ നടന്ന അനധികൃത ഭൂമികയ്യേറ്റത്തെ സംബന്ധിച്ച് ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലോ പ്രത്യേക പരാതികളിന്മേലോ പോലീസ് തലത്തിൽ പ്രത്യേക അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ) | WP(C) 1801/2010-ന്മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 05.09.2023, 12.09.2023 തീയതികളിലെ ഇടക്കാല ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിയ്ക്കുന്നതിന് 29.09.2023 ലെ സ.ഉ. (എം.എസ്) നം. 218/2023/റവ ഉത്തരവ് പ്രകാരം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പ്രത്യേക ദൗത്യസംഘത്തെയും 14.11.2023, 19.12.2023, 04.01.2024, 09.01.2024 തീയതികളിലെ ഇടക്കാല ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മൂന്നാർ മേഖലയിൽ പട്ടയത്തിന്റെ നിജസ്ഥിതി പരിശോധിയ്ക്കുന്നതിനായി മൂന്നാർ സ്പെഷ്യൽ റവന്യൂ ഓഫീസറുടെ നേതൃത്വത്തിൽ പ്രത്യേക പരിശോധനാ സംഘത്തെയും ടി സംഘത്തിന്റെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി 13.01.2024 ലെ സ.ഉ. (എം.എസ്) 20/2024/റവ നമ്പർ ഉത്തരവ് പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിലെ അനധികൃത ഭൂമി കൈയ്യേറ്റം സംബന്ധിച്ച് ബഹു.ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 02.07.2024-ലെ സ.ഉ.(സാധാ) നം. 1867/2024/ആഭ്യന്തരം പ്രകാരം കോഴിക്കോട് നോർത്ത് സോൺ പോലീസ് ഇൻസ്പെക്ടർ ജനറൽ ശ്രീ.കെ.സേതുരാമൻ ഐ.പി.എസ്-നെ ചെയർമാനായും സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ് ഡയറക്ടർ ശ്രീ.എച്ച്.ദിനേശൻ ഐ.എ.എസ്, ഇടുക്കി നാർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി ശ്രീ.പയസ് ജോർജ്ജ് എന്നിവരെ മെമ്പർമാരായും ഉൾപ്പെടുത്തി സർക്കാർ ഒരു പ്രത്യേക അന്വേഷണ സംഘവും ടി സംഘത്തെ അസിസ്റ്റ് ചെയ്യുന്നതിനായി 18.07.2024 ലെ സ.ഉ.(സാധാ) 1686/2024/റവ നമ്പർ ഉത്തരവ് പ്രകാരം റവന്യൂ ഉദ്യോഗസ്ഥരുടെ ഒരു സ്പെഷ്യൽ ടീമിനെയും നിയോഗിച്ച് ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കോഴിക്കോട് നോർത്ത് സോൺ പോലീസ് ഇൻസ്പെക്ടർ ജനറൽ ശ്രീ.കെ.സേതുരാമൻ IPS ചെയർമാനായുള്ള പ്രത്യേക അന്വേഷണ സംഘം സ്ഥല പരിശോധന നടത്തി ഒരു പ്രാഥമിക റിപ്പോർട്ട് ഇടുക്കി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത അന്വേഷണ സംഘത്തിന്റെ കണ്ടെത്തലുകൾ എന്താണെന്നും അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കാമോ; ഏതെല്ലാം ഉദ്യോഗസ്ഥർക്കും രാഷ്ട്രീയപാർട്ടി നേതാക്കൾക്കും ഈ വിഷയത്തിൽ പങ്കുണ്ടെന്നാണ് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ ; | (ബി) | ഉത്തരം (എ) യിൽ ചേർത്തിരിക്കുന്നു. |
| (സി) | ചൊക്രമുടി പോലെ അതീവ പരിസ്ഥിതിലോല മേഖലയിൽ നടന്നിട്ടുള്ള ഭൂമി കയ്യേറ്റം സംബന്ധിച്ച വിഷയം പരിസ്ഥിതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടിയാണ് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പരിസ്ഥിതി വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | ചൊക്രമുടിയിൽ നടന്ന അനധികൃത ഭൂമി കയ്യേറ്റത്തെ സംബന്ധിച്ച് പരിസ്ഥിതി വകുപ്പിൽ പരാതികൾ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ